പതിനാറാം കേരളനിയമസഭ

രണ്ടാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 896** **14-10-2026-ൽ മറുപടിയ്ക്ക്**

**ജലസേചന വകുപ്പിന്റെ കീഴിലുള്ള കനാൽ ബണ്ട് റോഡുകൾ**

**ചോദ്യം ഉന്നയിച്ച അംഗങ്ങൾ**

ശ്രീ. വി. പി. സജീന്ദ്രൻ

ശ്രീ. മനോജ് മൂത്തേടൻ

ശ്രീ. സുമേഷ് അച്യുതൻ

**മറുപടി നൽകിയ മന്ത്രി**

ശ്രീ. മോൻസ് ജോസഫ്

(ജലവിഭവ - ഭവനനിർമ്മാണ വകുപ്പ് മന്ത്രി)

**(എ)** ജലസേചന വകുപ്പിന്റെ കീഴിലുള്ള കനാൽ ബണ്ട് റോഡുകൾ ശരിയായ രീതിയിൽ ബലപ്പെടുത്തി സംരക്ഷിക്കാത്തതിനാലും കാലപ്പഴക്കത്തിനാലും സൈഡ് കെട്ട് ഇടിഞ്ഞ് വീണ് കനാലിലൂടെയുള്ള സുഗമമായ വെള്ളമൊഴുക്കിനെ തടസ്സപ്പെടുത്തുന്നതും അപകടങ്ങൾ ഉണ്ടാകുന്നതും ശ്രദ്ധയിൽപെട്ടിട്ടുണ്ടോ;

**മറുപടി:** ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

**(ബി)** ആയതിന്റെ അറ്റകുറ്റപ്പണികൾ യഥാസമയം നടത്തുന്നതിനും നീരൊഴുക്ക് സുഗമമാക്കുന്നതിനും നടപടി സ്വീകരിക്കുമോ; വിശദമാക്കാമോ;

**മറുപടി:** ഓരോ വർഷത്തെയും ബജറ്റിൽ ഉൾപ്പെടുത്തി ലഭ്യമാകുന്ന പരിമിതമായ തുക ഉപയോഗിച്ച് കനാലുകളിലെ Hydraulic particulars ന് മാറ്റം വരാത്ത തരത്തിൽ കനാലിനെ സംരക്ഷിക്കുന്നതിനും നീരൊഴുക്ക് തടസ്സപ്പെടാതെ ജലവിതരണം നടത്തുന്നതിനും ഉള്ള പ്രവൃത്തികൾ പ്രധാനമായും നടത്തി വരുന്നുണ്ട്. കനാൽ ബണ്ട് റോഡുകളുടെ സൈഡ് ഇടിഞ്ഞ് അപകടാവസ്ഥയിലുള്ളവ പുനർനിർമ്മിക്കുന്നതിനായി വിശദമായ എസ്റ്റിമേറ്റ് തയ്യാറാക്കി ആന്വൽ മെയിന്റനൻസ് ഉൾപ്പെടുത്തി ഫണ്ടിന്റെ ലഭ്യതക്കനുസരിച്ച് പ്രവൃത്തികൾ നടപ്പിലാക്കുന്നുണ്ട്.

കനാലിലൂടെയുള്ള നീരൊഴുക്ക് സുഗമമാക്കുന്നതിന് ഓരോ വർഷവും അറ്റകുറ്റപണികളും ശുചീകരണ പ്രവൃത്തികളും പ്ലാൻ /നോൺ പ്ലാൻ ഫണ്ടിൽ ഉൾപ്പെടുത്തി ചെയ്തു വരുന്നുണ്ട്. കനാൽ ബണ്ട് റോഡുകൾ എം.എൽ.എ. എം.പി ഫണ്ട്, തദ്ദേശസ്വയം ഭരണ സ്ഥാപനങ്ങൾ ഫണ്ട് ഡെപ്പോസിറ്റ് ചെയ്യുന്ന മുറയ്ക്കും ബണ്ട്റോഡുകൾ ബലപ്പെടുത്താറുണ്ട്. കനാൽ സൈഡുകൾ കെട്ടി സംരക്ഷിക്കുന്നതിനും കനാലിലെ ജലവിതരണ സമയത്തെ തടസ്സങ്ങൾ നീക്കി നീരൊഴുക്ക് ശക്തിപ്പെടുത്തുന്ന പ്രവൃത്തികളും ഓരോ വർഷവും ചെയ്തു വരുന്നുണ്ട്.

**(സി)** ഇറിഗേഷൻ വകുപ്പ് ഉദ്യോഗസ്ഥരുടെ അനാവശ്യമായ ഇടപെടലുകൾ ഒഴിവാക്കുന്നതിനും കനാൽ സൈഡ് കെട്ടി സംരക്ഷിക്കുന്നതിനുള്ള നിയമ നടപടികൾ ലഘൂകരിക്കുവാനും കാലതാമസം കൂടാതെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് അനുമതി നൽകുവാനും ഇറിഗേഷൻ വകുപ്പ് മുഖേന നടപടി സ്വീകരിക്കുമോ; വ്യക്തമാക്കുമോ?

**<u>മറുപടി:</u>** കനാൽ ബണ്ട് റോഡുകളുടെ സംരക്ഷണം പരിമിതമായി ലഭിക്കുന്ന ഫണ്ട് ഉപയോഗിച്ച് ചെയ്യുവാൻ സാധിക്കാത്തതിനാൽ, തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ മുഖേന തുക ഡെപ്പോസിറ്റ് ചെയ്യുകയോ ജലസേചന വകുപ്പിന്റെ അനുമതിയോടുകൂടിയോ (NOC പ്രകാരം) ആണ് ഈ പ്രവൃത്തികൾ ചെയ്തു വരുന്നത്.

തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ നിർദ്ദിഷ്ട മാതൃകയിൽ അപേക്ഷകൾ സമർപ്പിക്കുന്ന മുറയ്ക്ക് KERALA IRRIGATION AND WATER CONSERVATION ACT പ്രകാരമുള്ള നടപടികൾ സ്വീകരിക്കുന്നുണ്ട്. അപേക്ഷയിലെ പ്രവൃത്തികളുടെ സാങ്കേതികവശങ്ങളും മറ്റു വിവരങ്ങളും പരിശോധിച്ച് നിലവിലുള്ള നിയമങ്ങൾ, വാട്ടർ കൺസർവേഷൻ ആക്ട് എന്നിവ പ്രകാരം തദ്ദേശസ്വയം ഭരണ സ്ഥാപനങ്ങൾ മുഖേന ലഭ്യമാകുന്ന അപേക്ഷകളിൽ കാലതാമസം കൂടാതെ അനുമതി നൽകുന്നതിനുള്ള നടപടികൾ സ്വീകരിക്കാറുണ്ട്.

**സെക്ഷൻ ഓഫീസർ**